# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1949 25.03.2013-ൽ മറുപടി

### വ്യാജനോട്ടുകേസ്സുകൾ നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസിക്ക കൈമാറാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് മലബാർ ഗോൾഡ് ജ്വല്ലറിയിൽ വ്യാജ ഇന്ത്യൻ കറൻസി നൽകി സ്വർണ്ണം വാങ്ങാൻ ശ്രമിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| ബി) എങ്കിൽ, ഇതു സംബന്ധിച്ച എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദാംശം അറിയിക്കുമോ ; | (ബി) ഇതു സംബന്ധിച്ച് ഹോസ്ദുർഗ് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 777/2012 ആയി രജിസ്റ്റർ ചെയ്ത കേസ് ഊർജിതാന്വേഷണത്തിനായി ക്രൈം ബ്രാഞ്ച് വിഭാഗത്തിനു കൈമാറുകയും കേസ് ക്രൈം നം 798/CR/OCW IV/KNR/12 ആയി ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി വരികയും ചെയ്യുന്നു. |
| സി) ഈ കേസിന്റെ അന്വേഷണം നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസിക്ക കൈമാറിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ;<br><br>ഡി) സംസ്ഥാനത്ത് സമാനമായ കേസ്സുകൾ ഇൻവെസ്റ്റിഗേഷൻ ഏജൻസിക്ക കൈമാറിയിട്ടുള്ള സാഹചര്യത്തിൽ മേൽപ്പറഞ്ഞ കേസ് പ്രസ്തുത ഏജൻസിക്ക കൈമാറുന്നതിനുള്ള തടസ്സമെന്താണെന്നു വിശദമാക്കുമോ ? | (സി) ആന്റ് (ഡി) ഈ കേസിന്റെ അന്വേഷണം നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസിക്ക് കൈമാറണമെന്നാവശ്യപ്പെട്ട് 01.01.2013 -ൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ കേസന്വേഷണം നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി ഏറ്റെടുത്തതായി ഇതുവരെയും അറിയിപ്പ് ലഭിച്ചിട്ടില്ല. നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി ആക്ടിലെ ഷെഡ്യൂൾഡ് ഒഫൻസുകളിൽപ്പെടുന്ന ഒരു കുറ്റകൃത്യം സംബന്ധിച്ച കേസന്വേഷണം നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസിക്ക് കൈമാറണം എന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ പ്രസ്തുത കേസ് നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി അന്വേഷിക്കേണ്ടതാണ് എന്ന് കേന്ദ്ര സർക്കാർ തീരുമാനിക്കുന്ന കേസുകൾ മാത്രമാണ് നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസിക്ക് കൈമാറുന്നത്. കേസന്വേഷണം |

ഏറ്റെടുക്കണമെന്ന് നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസിക്ക് നിർദ്ദേശം നൽകുന്നതിനുള്ള അധികാരം നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി ആക്ടിലെ വകുപ്പ് 6 (4) പ്രകാരം പൂർണ്ണമായും കേന്ദ്രസർക്കാരിൽ നിക്ഷിപ്തമായതിനാൽ കേന്ദ്ര സർക്കാരിന് മാത്രമാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുന്നത്.

സെക്ഷൻ ഓഫീസർ